# Prime Minister Addresses the virtual Global Vaccine Summit 2020

June 04, 2020

---

## ഗ്ലോബൽ വാക്സിൻ ഉച്ചകോടി 2020 പ്രധാനമന്ത്രി അഭിസംബോധന ചെയ്തു

ജൂൺ 04, 2020

അന്താരാഷ്ട്ര വാക്സിൻ അലയൻസ് ആയ GAVIയ്ക്കു വേണ്ടി ഇന്ത്യ എന്ന് 15 മില്യൺ യു എസ് ഡോളർ വാഗ്ദാനം ചെയ്തു.

യു കെ പ്രധാനമന്ത്രിയായ ബോറിസ് ജോൺസൻ ആതിഥേയത്വം വഹിച്ച വിർച്വൽ ഗ്ലോബൽ വാക്സിൻ ഉച്ചകോടി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി അഭിസംബോധന ചെയ്തു,ഇതിൽ ഏകദേശം 50 രാജ്യങ്ങളിൽ നിന്നായി ബിസിനസ് നേതാക്കൾ, ഐക്യരാഷ്ട്ര സഭ ഏജൻസികൾ, സിവിൽ സൊസൈറ്റി, ഗവണ്മെന്റ് മന്ത്രിമാർ,സംസ്ഥാന രാഷ്ട്ര നേതൃത്വങ്ങൾ എന്നിവർ പങ്കെടുത്തു.
തന്റെ സംഭാഷണത്തിൽ, ഇത്തരം വെല്ലുവിളിയുടെ സാഹചര്യങ്ങളിൽ ഇന്ത്യ ആഗോള ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നുവെന്നു പ്രധാനമന്ത്രി പറഞ്ഞു.

ഇന്ത്യൻ സംസ്കാരം ലോകത്തെ തന്നെ ഒരു കുടുംബമായി കാണാനാണ് പഠിപ്പിക്കുന്നത്, ഈ പകർച്ചവ്യാധിയുടെ സമയത്തു ഈ മൂല്യത്തിനൊത്തുയരാൻ ഇന്ത്യ ശ്രമിച്ചിട്ടുമുണ്ട്. ഇന്ത്യയുടെ സ്വന്തം ജനങ്ങളെ സംരക്ഷിക്കുമ്പോൾ തന്നെ മരുന്നുകളുടെ ലഭ്യമായ സ്റ്റോക്ക് 120 രാജ്യങ്ങളിലായി വിതരണം ചെയ്തു കൊണ്ട് ,അയൽ രാജ്യങ്ങളിലും പൊതുവായ ഒരു പ്രതിരോധ സമീപനം രൂപപ്പെടുത്താൻ കഴിഞ്ഞു, കൂടാതെ ആവശ്യപ്പെട്ട രാജ്യങ്ങൾക്കെല്ലാം പ്രത്യേകമായ പിന്തുണയും നൽകാനായി എന്നും പ്രധാനമന്ത്രി പറഞ്ഞു.

കോവിഡ് 19 പകർച്ചവ്യാധി , പല രീതിയിലും ആഗോള സഹകരണത്തിന്റെ പരിധികൾ വെളിപ്പെടുത്തുകയുണ്ടായി, അടുത്തിടെയുള്ള ചരിത്രത്തിൽ മാനവ രാശി പൊതുവായ ഒരു ശത്രുവിനെ വ്യക്തമായി കാണുകയായിരുന്നു.പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

GAVI എന്നത് ഒരു ആഗോള പ്രവർത്തനം മാത്രമല്ല മറിച്ച്, ലോകോത്തരമായ ഐക്യത്തിന്റെ അടയാളവും മറ്റുള്ളവരെ സഹായിച്ചു കൊണ്ട് നമുക്ക് സ്വയം സഹായിക്കാനാകും എന്ന ഓർമപ്പെടുത്താലും കൂടിയാണെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയുടെ വലിയ ജനസംഖ്യയും പരിമിതമായ ആരോഗ്യ സൗകര്യങ്ങളും രോഗപ്രതിരോധ സംവിധാനങ്ങളുടെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നവയാണ്.

വിസ്തൃതമായ രാജ്യത്തെ, ഏറ്റവും ഗ്രാമ്യമായ മേഖലകളിൽ കൂടി, കുട്ടികൾക്കും ഗര്ഭിണികൾക്കുമുള്ള വാക്സിൻ ഉറപ്പാക്കുന്നത് ലക്ഷ്യമിടുന്ന മിഷൻ ഇന്ദ്രധനുഷ് തന്റെ സർക്കാരിന്റെ ആദ്യ പ്രവർത്തനങ്ങളിൽ ഒന്നായിരുന്നുവന്നു പ്രധാനമന്ത്രി പറഞ്ഞു.

സംരക്ഷണം ഉറപ്പാക്കുന്നതിന്, ദേശീയ ഇമ്മ്യൂണൈസേഷൻ പരിപാടിയിൽ ഇന്ത്യ പുതിയതായി ആറ് വാക്സിനുകൾ കൂടി ഉൾപ്പെടുത്തിയിരിക്കുന്നുവെന്നു അദ്ദേഹം പറഞ്ഞു.

ഇന്ത്യ വാക്സിൻ സപ്ലൈ സാങ്കേതികവൽക്കരിച്ചിരിക്കുന്നുവെന്നും ഈ ശൃഖലയുടെ ഏകോപനം നിരീക്ഷിക്കുന്നതിനും ഇലക്ട്രോണിക് വാക്സിൻ ഇന്റലിജൻസ് നെറ്റ് വർക്ക് രൂപപ്പെടുത്തിയിരിക്കുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു.

ഇത്തരം പരിഷ്കരണങ്ങൾ സുരക്ഷിതവും കാര്യക്ഷമവുമായ വാക്സിനുകൾ ശരിയായ അളവിൽ ശരിയായ സമയത്ത്, അവസാന കണ്ണിയിൽ വരെ എത്തുന്നുവെന്ന് ഉറപ്പു വരുത്തുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യ, ആഗോളതലത്തിൽ തന്നെ വാക്സിനുകളുടെ മുൻനിര ഉത്പാദകരാണ് കൂടാതെ ലോകത്തിലെ 60 ശതമാനത്തോളം കുട്ടികളുടെ പ്രതിരോധകുത്തിവയ്പിനായി സംഭാവന ചെയ്യുന്നത് ഭാഗ്യമായും കണക്കാക്കുന്നു.

GAVI യുടെ പ്രവർത്തനത്തിന്റെ മൂല്യം ഇന്ത്യ തിരിച്ചറിയുകയും വിലമതിക്കുകയും ചെയ്യുന്നുവെന്ന് ശ്രീ.മോഡി പറഞ്ഞു, അതിനാൽ തന്നെ GAVI യിലേക്കുള്ള ദാതാക്കളിൽ ഒരാളാകുമ്പോൾ തന്നെ GAVI യെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

GAVI യിലേക്ക് ഇന്ത്യ നൽകുന്ന സംഭാവന ധനപരമായി മാത്രമുള്ളതല്ല, ഇതിനു പുറമെ ഇന്ത്യയുടെ ആവശ്യകത മാനിച്ച് ആഗോളതലത്തിൽ വാക്സിനുകളുടെ വില ഗണ്യമായി കുറയുകയും കഴിഞ്ഞ 5 വർഷങ്ങളിലായി ഏകദേശം 400 മില്യൺ ഡോളറുകൾ ലാഭിക്കാനാകുകയും ചെയ്തു.പ്രധാനമന്ത്രി കൂട്ടിച്ചേർത്തു

ഗുണമേന്മയുള്ള മരുന്നുകളും വാക്സിനുകളും കുറഞ്ഞ വിലയിൽ ഉല്പാദിപ്പിക്കുന്നതിനുള്ള തെളിയിക്കപ്പെട്ട ശേഷിയും രാജ്യത്തിനകത്ത് ഇമ്മ്യൂണൈസേഷൻ വർദ്ധിപ്പിച്ചതിന്റെ ആഭ്യന്തര പ്രവർത്തന പരിചയവും അത് വഴിയുള്ള ശാസ്ത്രീയ ഗവേഷണ അറിവുകളുടെയും അടിസ്ഥാനത്തിൽ ഇന്ത്യ ആഗോളതലത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നുവെന്നും അദ്ദേഹം ആവർത്തിച്ചു.

ഇന്ത്യക്ക് ആഗോള ആരോഗ്യമേഖലയിലേക്ക് സംഭാവന ചെയ്യുന്നതിനുള്ള ശേഷി മാത്രമല്ല, ഇത്തരം പ്രവർത്തന മേഖലകളിലെ പങ്കുവയ്ക്കലുകൾക്കും കരുതലിനുമുള്ള ആവേശം കൂടിയുണ്ട് എന്ന് അദ്ദേഹം പറഞ്ഞു.

**ന്യൂ ഡൽഹി**
**04 ജൂൺ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.